"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് മിന്നൽ പരിശോധന റിപ്പോർട്ട്- തിരുവനന്തപുരം നഗരസഭയിലെ ഹെൽത്ത് വിഭാഗം ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.698/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/03/2021

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.04.2019 തീയതിയിലെ ഇ1/എസ്.സി.39/08/എസ്.ആർ.റ്റി) 35081/08 നമ്പർ കത്ത്.

2 02.09.2010 തീയതിയിലെ 39980/ഇയു2/09/തസ്വഭവ- നമ്പർ കുറ്റാരോപണമെമ്മോ/പത്രിക

3 നഗരകാര്യഡയറക്ടറുടെ 16.09.2019 തീയതിയിലെ വി1-14508/2010- നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള അറവുശാലയിലും മറ്റ് അനധികൃത കശാപ്പുശാലകളിലും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം യൂണിറ്റ് 15.02.2009-ൽ നടത്തിയ മിന്നൽ പരിശോധനയിൽ അനധികൃത അറവും അനാരോഗ്യകരമായ പരിസരവും ശ്രദ്ധയിൽപ്പെട്ടതിനാൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്ന് കണ്ടെത്തിയ ടി നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. മുരളീധരൻ നായർ, ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. എസ് കുമാരൻ, ശ്രീ ടി. അലക്സാണ്ടർ എന്നിവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. പ്രസ്തുത മെമ്മോയ്ക്ക് ടിയാളുകൾ ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ തിരുവനന്തപുരം നഗരസഭയിലെ പി.എ.ടു സെക്രട്ടറിയുടെ പരിശോധനാ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. ഇക്കാര്യത്തിലുള്ള അന്വേഷണ റിപ്പോർട്ട് പ്രകാരം മേൽ ജീവനക്കാർ അനധികൃത കശാപ്പും വിൽപ്പനയും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെന്നും നഗരസഭാതലത്തിൽ ഹെൽത്ത് സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതാണെന്നും ടി സ്ക്വാഡ് നഗരസഭയിലെ എല്ലാ വാർഡുകളിലും പരിശോധിക്കുകയും അനധികൃത കശാപ്പും കച്ചവടവും കണ്ടാൽ പിടിച്ചെടുക്കുകയും നോട്ടീസ് നൽകി അടച്ചുപൂട്ടുകയും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണെന്നും റിപ്പോർട്ടിൽ പറയുന്നു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. മുരളീധരൻ നായർ കുന്നുകുഴി അറവുശാലയിൽ ഡ്യൂട്ടി ചെയ്യുന്ന കാലയളവിൽ ടിയാന് നൽകിയിട്ടുള്ള അറവുശാലയിൽ കശാപ്പ് കഴിഞ്ഞതിനു ശേഷമുള്ള

ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായി നടത്തിയിട്ടുള്ളതും ആയതിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ലാത്തതുമാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. എസ് കുമാരൻ ചാല സർക്കിളിന്റെ പരിധിയിൽ വരുന്ന ചാല മാർക്കറ്റ്, അട്ടക്കുളങ്ങര എന്നീ സ്ഥലങ്ങളിൽ ഹെൽത്ത് സ്ക്വാഡിന്റെ സഹകരണത്തോടെ കശാപ്പും അനധികൃത വിൽപ്പനയും കരമന സർക്കിളിൽ 06.01.2009-ൽ ഹെൽത്ത് ഇൻസ്പെക്ടറായി ചാർജ്ജെടുത്ത് സ്ഥിതി മനസ്സിലാക്കി വരികയായിരുന്നുവെന്നും കഞ്ചാലുംമൂട്, കരമന ഭാഗങ്ങളിലെ അനധികൃത കശാപ്പും കച്ചവടവും കണ്ടുപിടിക്കുന്നതിനുള്ള നടപടികളും ശുചീകരണ പ്രവർത്തനങ്ങളുടെ മേൽനോട്ടവും യഥാവിധി നിർവ്വഹിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. അനധികൃത കശാപ്പുകൾ നടക്കുന്ന വിവരം മേൽ ജീവനക്കാർ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രകാരമാണ് ഹെൽത്ത് സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതെന്നും ആവശ്യഘട്ടങ്ങളിൽ പോലീസ് സഹായത്തോടെ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ശ്രീ. മുരളീധരൻ നായർ, ശ്രീ. എസ് കുമാരൻ, ശ്രീ. ടി. അലക്സാണ്ടർ എന്നിവർ നൽകിയിട്ടുള്ള മറുപടികൾ അംഗീകരിക്കാവുന്നതാണെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് നഗരസഭക്ക് യാതൊരുവിധ സാമ്പത്തിക നഷ്ടമോ ബാധ്യതയോ ഉണ്ടായിട്ടില്ലായെന്നും ആയതിനാൽ അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു..

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ വകുപ്പ് 455 പ്രകാരം നഗരസഭാ സെക്രട്ടറിയുടെ ലൈസൻസോടുകൂടി കശാപ്പുശാലകൾ പ്രവർത്തിക്കേണ്ടതും ഇറച്ചി, കശാപ്പ ചെയ്ത സ്ഥലത്തു വച്ചുതന്നെ നിർണ്ണയിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പരിശോധനയ്ക്ക് വിധേയമാക്കാതെ വിൽപ്പന നടത്താൻ പാടില്ലാത്തതുമാണ്. എന്നാൽ തിരുവനന്തപുരം നഗരസഭയിലെ ചാല, കരമന പ്രദേശങ്ങളിൽ അനധികൃത കശാപ്പുശാലകൾ പ്രവർത്തിക്കുന്നുവെന്നത് വസ്തുതാപരവും ഇവയുടെ പ്രവർത്തനം അപരിഹാര്യമായി തുടരുന്നതായും ബോധ്യപ്പെടുന്നതാണ്. ആയത് നഗരത്തിൽ ഗുണമേന്മയുള്ള മാംസം പ്രദാനം ചെയ്യുന്നതിന് വിഘാതം സൃഷ്ടിക്കുന്നതാകയാൽ ഗൗരവമായി കാണുന്നതുമാണ്. എന്നാൽ അനധികൃത അറവുശാലകൾ പിടിച്ചെടുക്കുന്നതിന് പോലീസ് സന്നാഹം ആവശ്യമുള്ളതായും പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നും ജീവനക്കാരുടെ മറുപടികളിൽ സൂചിപ്പിട്ടുണ്ട്. അനധികൃത ഇറച്ചി വിൽപ്പനക്കാർക്ക് നോട്ടീസ് നൽകിയതിന്റേയും നഗരസഭയ്ക്ക് റിപ്പോർട്ടുകൾ നൽകിയതിന്റേയും രേഖകളും ഹാജരാക്കിയിട്ടുണ്ട്. കൂടാതെ സ്ക്വാഡുകൾ രൂപീകരിച്ചും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. മുരളീധരൻ നായരുടെ മറുപടി പ്രകാരം ടിയാൻ ക്യാറ്റിൽ ഷെഡ്ഡിൽ ഹാജരായിട്ടുള്ളതും ശുചീകരണത്തിന്റെ മേൽ നോട്ടം വഹിച്ചിട്ടുള്ളതുമാണ്. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. എസ് കുമാരൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ടി അലക്സാണ്ടർ എന്നിവർ അനധികൃത അറവുകൾ സംബന്ധിച്ച് നഗരസഭയിൽ റിപ്പോർട്ടുകൾ നൽകിയിട്ടുള്ളതും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതും കശാപ്പുകാർക്കെതിരെയും മാംസ വിൽപ്പനക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ശ്രീ. ടി അലക്സാണ്ടർ കരമന കഞ്ചാലുംമൂട് പ്രദേശത്ത് ചാർജ്ജെടുത്ത് കുറച്ചു ദിവസങ്ങൾക്കു ശേഷം നടന്ന പരിശോധനയിൽ കണ്ടെത്തിയ അപാകതകളിന്മേൽ ടിയാൻ തുടർന്ന് സ്വീകരിച്ചിട്ടുള്ള നടപടികൾ പരിഗണിച്ച് മേൽ നടപടികൾ ഒഴിവാക്കണമെന്ന് അപേക്ഷിച്ചിട്ടുള്ളതാണ് എന്നും നഗരസഭാ രേഖകൾ പരിശോധിച്ചതിൽ ടിയാൻ 03.01.2009-ലെ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരമാണ് കരമന സർക്കിളിൽ ചാർജ്ജ് ഏറ്റെടുത്തത്. കൂടാതെ ശ്രീ. മുരളീധരൻ നായർ 31.01.2011-ലും ശ്രീ. എസ്. കുമാരൻ 30.11.2012-ലും ശ്രീ. ടി അലക്സാണ്ടർ 31.05.2019-ലും സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ് എന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. തിരുവനന്തപുരം നഗരസഭയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടുകൾ പരിഗണിച്ച് സാധ്യമായ രീതിയിൽ അനധികൃത മാംസ വിൽപ്പനക്കെതിരെ നടപടി

സ്വീകരിച്ചിട്ടുള്ളതായി കാണുന്നതിനാലും അറവുശാലയിലെ ശുചീകരണ പ്രവർത്തനങ്ങളിൽ മന:പൂർവ്വമായി വീഴ്ചയുണ്ടായിട്ടില്ലെന്ന് ബോധ്യപ്പെടുന്നതിനാലും മേൽ ജീവനക്കാരുടെ മറുപടികൾ അംഗീകരിക്കാവുന്നതും ടിയാളുകൾ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാകയാൽ മാനുഷിക പരിഗണന നൽകി ഹെൽത്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. എസ്. കുമാരൻ, ശ്രീ. ടി അലക്സാണ്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. മുരളീധരൻ നായർ എന്നിവർക്കെതിരായ അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം കുറ്റാരോപണമെമ്മോ, ജീവനക്കാരുടെ പ്രതിവാദപത്രിക, ഇക്കാര്യത്തിലുള്ള പരിശോധനാറിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ ശുപാർശ എന്നിവ സഹിതം പരിശോധിച്ചതിൽ ആരോപണത്തിന്മേലുള്ള ജീവനക്കാരുടെ മറുപടി വസ്തുതാപരമാണെന്ന് കാണുന്നു. ആയതിനാൽ തിരുവനന്തപുരം നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. എസ്. കുമാരൻ, ശ്രീ. ടി അലക്സാണ്ടർ, ശ്രീ. മുരളീധരൻ നായർ എന്നിവർക്കെതിരായി വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ. എസ്. കുമാരൻ, റിട്ട.ഹെൽത്ത് ഇൻസ്പെക്ടർ, തിരുവനന്തപുരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ. ടി അലക്സാണ്ടർ, റിട്ട.ഹെൽത്ത് ഇൻസ്പെക്ടർ, തിരുവനന്തപുരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ. മുരളീധരൻനായർ, റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ, തിരുവനന്തപുരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ